# സമഗ്ര ശിക്ഷാ കേരളം
# വാർഷിക മൂല്യനിർണ്ണയം 2022-23
## മലയാളം
## അടിസ്ഥാന പാഠാവലി

ക്ലാസ് : 5 സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറുപ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറുവരെയുള്ള പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1 വായിക്കാം എഴുതാം**

**ഉത്സവത്തിമിർപ്പിൽ**

ചെണ്ടമേളം മുറുകുകയാണ്. ഒപ്പം ആവേശവും മുറുകുന്നു. കെട്ടിയൊരുക്കിയ കുതിരകൾക്ക് മുന്നിൽ എല്ലാം മറന്ന് ആളുകൾ നൃത്തം ചെയ്യുന്നു. ചെണ്ടമേളക്കാരും നൃത്തച്ചുവടുകൾ വയ്ക്കുന്നുണ്ട്. നെറ്റിപ്പട്ടം കെട്ടിയ കരിവീരന്മാർ താളത്തിൽ ചെവിയാട്ടി നിൽക്കുന്നു. ചെണ്ടമേളം അന്തരീക്ഷത്തിൽ ഉയർന്നുപൊങ്ങി. നിർത്താതെ മുഴങ്ങുന്ന പീപ്പിയുടെ ശബ്ദം. അലങ്കാര ബലൂണുകളുടെ വിവിധ വർണങ്ങൾ. കുട്ടികളിലും മുതിർന്നവരിലും ഉത്സവതാളം. സൂചി വീഴാനിടമില്ലാത്തത്ര ജനക്കൂട്ടം. കുട്ടികളും മുതിർന്നവരും ഒരുപോലെ ആസ്വദിക്കുന്ന ഉത്സവമേളം. സിനിമാപ്പാട്ടുകളുടെയും അനൗൺസ്മെന്റുകളുടെയും വെടിക്കെട്ടിന്റെയും ശബ്ദം ഉത്സവപ്പറമ്പിൽ ഉയർന്നുപൊങ്ങി. ഉത്സവത്തിന്റെ ആഹ്ലാദമേളത്തിൽ ഞാനും അലിഞ്ഞുചേർന്നു.

1. ആരുടെ മുന്നിലാണ് ആളുകൾ എല്ലാം മറന്ന് നൃത്തം ചെയ്യുന്നത്?
   (കെട്ടിയൊരുക്കിയ കുതിരകൾക്ക് മുന്നിൽ, നെറ്റിപ്പട്ടം കെട്ടിയ ആനകൾക്ക് മുന്നിൽ, ചെണ്ടക്കാരുടെ മുന്നിൽ)

2. ചെണ്ടമേളത്തോടൊപ്പം താളത്തിൽ ചെവിയാട്ടി നിൽക്കുന്നതാര്?
   (കാളകൾ, കുതിരകൾ, ആനകൾ)

3. ഉത്സവത്തിന്റെ <u>ആഹ്ലാദ</u>മേളത്തിൽ ഞാനും അലിഞ്ഞുചേർന്നു, അടിവരയിട്ട പദത്തിന് പകരം പദം കണ്ടെത്തുക.
   (സന്താപം, സന്തോഷം, അത്ഭുതം)

4. മേളത്തിൽ അലിഞ്ഞുചേർന്നു എന്നതിലൂടെ അർത്ഥമാക്കുന്നതെന്ത്?
   (മേളം കണ്ടു നിന്നു, മേളക്കാർക്കിടയിൽ നിന്നു താളം പിടിച്ചു, മനസ്സും ശരീരവും മേളത്തിൽ ലയിച്ചു)

5. ജനത്തിരക്കിനെ വിശേഷിപ്പിക്കുന്ന പ്രയോഗം ഏത്?
   (സൂചിവീഴാനിടമില്ലാത്തത്ര, അലിഞ്ഞു ചേർന്നു, ഉയർന്നു പൊങ്ങി )

പ്രവർത്തനം 2 (എ) വർണ്ണന തയ്യാറാക്കാം

*കിഴക്കേ ചക്രവാളത്തിൽ സൂര്യൻ ഉദിച്ചുയർന്നു.*
*പുൽത്തലപ്പുകളിലെ മഞ്ഞുതുള്ളികളിൽ*
*സൂര്യപ്രകാശം വീണപ്പോൾ അവ വൈരം പോലെ തിളങ്ങി.*
*പല വർണ്ണങ്ങളിലുള്ള കിളികളുടെ കളകൂജനം കേൾക്കാൻ തുടങ്ങി.*

മാളു പ്രഭാതത്തിൽ കണ്ട കാഴ്ചകൾ **നിറഭേദങ്ങൾ** എന്ന പാഠഭാഗത്ത് ഇങ്ങനെയാണ് വർണിച്ചു തുടങ്ങുന്നത്. നിങ്ങളെ ആകർഷിച്ച പ്രകൃതിക്കാഴ്ച വർണിച്ചെഴുതൂ.

**ബി)** തേൻ എന്ന പദത്തിന് സമാനപദം കണ്ടെത്തൂ.
(പൂന്തോട്ടം, മധു, മുകിൽ)

**പ്രവർത്തനം 3 ലഘു ഉപന്യാസം തയ്യാറാക്കാം**

"ജീവിക്കാം, പ്രകൃതിയെ നോവിക്കാതെ"

പ്രകൃതി സൗന്ദര്യത്തെക്കുറിച്ചും പ്രകൃതി സംരക്ഷണത്തെക്കുറിച്ചും 'എങ്ങുപോയി' എന്ന കവിതാഭാഗത്ത് നാം മനസ്സിലാക്കിയല്ലോ. നിസ്സാരമായ ആവശ്യങ്ങൾക്കുവേണ്ടി ചെയ്താൽ അവ വയൽ നികത്തൽ, വൃക്ഷങ്ങൾ വെട്ടിനശിപ്പിക്കൽ, കുന്നിടിക്കൽ, മണ്ണെടുപ്പ് ഇവയെല്ലാം പ്രകൃതിയെ നശിപ്പിക്കുന്ന പ്രവൃത്തികളല്ലേ? ഇങ്ങനെയാണോ നമ്മൾ ചെയ്യേണ്ടത്? പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

**പ്രവർത്തനം 4 കഥ പൂർത്തിയാക്കാം**

*മഴത്തുള്ളികൾ മണ്ണിലൂടെ കിനിഞ്ഞിറങ്ങി.*
*അവ വിത്തിനെ മെല്ലെ തഴുകി.*
*കുഞ്ഞുവിത്ത് കുഞ്ഞിക്കണ്ണു തുറന്നു.*
*തല ഉയർത്തി ചുറ്റും നോക്കി.*

മണ്ണിനുള്ളിൽ നിന്ന് ഉറക്കമുണർന്ന കുഞ്ഞുവിത്തിന്റെ കഥ പൂർത്തിയാക്കൂ.

കഥയ്ക്ക് നല്ല പേര് നൽകാൻ മറക്കരുത് .

**പ്രവർത്തനം 5 (എ) അനുഭവക്കുറിപ്പ് തയ്യാറാക്കാം.**

"ഇവനൊരു ചെറിയ കുട്ടിയല്ലേ, ഇവന്റെ പിറന്നാളിന് ഒരു *സദ്യ വേണം* എന്നൊന്നും അമ്മ ആലോചിച്ചിട്ടില്ല. അത്രയ്ക്ക് പ്രാരാബ്ധങ്ങളുമായി കഴിഞ്ഞ ആളായിരുന്നു." എം.ടി.വാസുദേവൻ നായർ അദ്ദേഹത്തിന്റെ പിറന്നാളുമായി ബന്ധപ്പെട്ട ഓർമ്മകൾ പങ്കുവച്ചത് 'വിഷുക്കണി' എന്ന പാഠഭാഗത്തിൽ വായിച്ചുവല്ലോ. നിങ്ങളുടെ പിറന്നാൾ ഓർമ്മകൾ അനുഭവക്കുറിപ്പായി എഴുതൂ.

**ബി)** തുടർന്നുവരുന്ന രീതി, പതിവ് എന്നതിനൊക്കെ പകരം ഉപയോഗിക്കാവുന്ന പദം കണ്ടെത്തുക.
( മുഴക്കം, തഴക്കം, പഴക്കം)

**പ്രവർത്തനം 6 ആസ്വാദനക്കുറിപ്പ് തയ്യാറാക്കാം.**

മഞ്ഞുതുള്ളി
കുളിരിന്റെ കുപ്പായം
നെയ്തു നൽകി,
മഴവില്ലുകൊണ്ട് മാലചാർത്തി.
ആകാശം
കാർമേഘങ്ങൾ കൊണ്ട്
കണ്ണെഴുതി.
ഇടയ്ക്ക് കുസൃതി കാണിച്ച്
മിന്നലുകൾ
ആർത്തുവിളിച്ചു കളിച്ചു നടന്നു.
മഴ
സന്തോഷം കൊണ്ട്
ഭൂമിയിലേയ്ക്ക് ചാടിത്തുടങ്ങി.

കവിതയിൽ ആവിഷ്കരിച്ച ആശയങ്ങൾ, പ്രയോഗങ്ങൾ, പ്രകൃതിയിലെ സവിശേഷതകൾ, നിങ്ങൾക്കിഷ്ടപ്പെട്ട വരികൾ എന്നിവ ഉൾക്കൊള്ളിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.